പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1384 8.02.2013 ലെ മറുപടിയ്ക്ക്

## താലൂക്ക് സപ്ലൈ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

**ചോദ്യം** **മറുപടി**

ശ്രീ.എസ്.രാജേന്ദ്രൻ

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് താലൂക്ക് സപ്ലൈ ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) 2013, ഫെബ്രുവരി ഒന്നാം തീയതിയിൽ താലൂക്ക് സപ്ലൈ ആഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. എന്നാൽ സമാന തസ്തികയായ സീനിയർ സൂപ്രണ്ടിന്റെ 2 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം ഏത്രീതിയിലുള്ളതാണെന്ന് വ്യക്തമാക്കുമോ; | (ബി) അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർമാരിൽ നിന്ന് പ്രമോഷൻ വഴിയും സംവരണതത്വം പാലിയ്ക്കുന്നതിന് എസ്.സി./എസ്.റ്റി. വിഭാഗത്തിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയും താലൂക്ക് സപ്ലൈ ആഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തി വരുന്നു. |
| (സി) അസിസ്റ്റന്റ് സപ്ലൈ ഓഫീസർമാരെ സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവുകളിലേക്ക് നിയമിക്കാറുണ്ടോ; | (സി) ഉണ്ട്. |
| ഡി) എങ്കിൽ അനുവദനീയമായ എത്ര ഒഴിവുകളിലേക്കാണ് നിയമനം നടത്തേണ്ടത്; അവ ഉടൻ നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ? | ഡി) രണ്ട് ഒഴിവുകൾ. അവയിൽ ഒന്ന് എസ്.സി./എസ്.റ്റി. വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ടതാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഈ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ